(ബി) പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ എല്ലാ കളക്ടറേറ്റുകളിലെയും നോർക്ക സെല്ലുകളിൽ ഇപ്പോൾ നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രവാസി ക്ഷേമ പ്രവർത്തനങ്ങളുടെ നടപടികളുടെ ഭാഗമായി നടത്തിവരുന്ന മറ്റെന്തൊക്കെ പദ്ധതികളുമായി ബന്ധപ്പെട്ട സേവനങ്ങളാണ് ഇപ്പോൾ ജില്ലാതല സെല്ലുകളിൽ നിന്നും ലഭിക്കുന്നത് ;

(ഡി) ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) വിദേശ മലയാളികൾക്ക് ഭരണസംവിധാനവുമായി നേരിട്ട് വിശ്വാസ്യമായ ബന്ധം വളർത്തുന്നതിനും റവന്യൂ, പോലീസ്, നിയമസഹായം എന്നീ മുന്നു മേഖലകളിൽ പ്രവാസികൾ മുന്നോട്ടുവയ്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അതാത് ജില്ലാ കളക്ട്രേറ്റുകളിലെ നോർക്ക സെല്ലുകളോടനുബന്ധിച്ച് ഫാസ്റ്റ്ട്രാക്ക് സംവിധാനം രൂപപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സംവിധാനം വഴി പ്രവാസി മലയാളികളുടെ റവന്യൂ, പോലീസ്, നിയമസഹായം തുടങ്ങിയ മേഖലകളിലുള്ള പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നതാണ്.

(ബി) ഉണ്ട്. നോർക്ക-റൂട്ട്സ് വിതരണം ചെയ്യുന്ന പ്രവാസി തിരിച്ചറിയൽ കാർഡുകൾ നിലവിൽ എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് ഒഴികെയുള്ള ജില്ലാ കളക്ട്രേറ്റുകളിലെ നോർക്ക സെല്ലുകൾ വഴിയാണ് വിതരണം ചെയ്തു വരുന്നത്. എറണാകുളം, തിരുവന്തപുരം, കോഴിക്കോട് ജില്ലകളിൽ നോർക്ക-റൂട്ട്സ് റീജിയണൽ ഓഫീസ് മുഖേന കാർഡുകൾ വിതരണം ചെയ്യുന്നു.

(സി & ഡി) തിരിച്ചറിയൽ കാർഡ് വിതരണം, അപേക്ഷാ ഫോമുകളുടെ വിതരണം, പരാതികൾ സ്വീകരിക്കൽ എന്നിവ നോർക്ക സെൽ വഴി ചെയ്തുവരുന്നു. കൂടാതെ നോർക്ക വകുപ്പ്, നോർക്ക റൂട്ട്സ് പ്രവാസി ക്ഷേമനിധി എന്നിവയുടെ വിവിധ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങളും സെല്ലുകളിൽ ലഭ്യമാണ്.

ഹരിത തീര പദ്ധതിയിൽ നദിയോരത്ത് വൃക്ഷത്തൈകൾ നടുന്ന പദ്ധതി

15 (*465) ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പും ഫിഷറീഷ് വകുപ്പും സംയുക്തമായി ആരംഭിച്ച ഹരിതതീരം പദ്ധതി പ്രവർത്തനം സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിപ്രകാരം എത്ര കാറ്റാടി മരങ്ങളും മറ്റു വൃക്ഷങ്ങളും കടൽത്തീരത്ത് നട്ടിട്ടുണ്ട് ; അവയുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഹരിത തീരം പദ്ധതി തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) നദിയോരത്ത് വൃക്ഷത്തൈകൾ നടുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) ഉണ്ട്.

(ബി) ഹരിതതീരം പദ്ധതിപ്രകാരം 2007-08 മുതൽ 2009-10 വരെ 163.40 ഹെ. സ്ഥലത്ത് 16.34 ലക്ഷം കാറ്റാടി മരങ്ങളും 14.65 ഹെ. സ്ഥലത്ത് 29700 കണ്ടൽ ചെടികളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ തീരദേശ വാർഡുകളിലെ വീട്ടുവളപ്പുകളിൽ നട്ടുപിടിപ്പിക്കുന്നതിനായി 5.88 ലക്ഷം വിവിധതരം വൃക്ഷത്തൈകളും വിതരണം ചെയ്തിട്ടുണ്ട്. ആകെ 22.52 ലക്ഷം വൃക്ഷത്തൈകൾ നടീലിനും വിതരണത്തിനുമായി ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുണ്ട്.

ഹരിതതീരം പദ്ധതിപ്രകാരം വച്ചു പിടിപ്പിച്ച പ്ലാന്റേഷനുകളുടെ സംരക്ഷണവും പരിപാലനവും ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 132 തീരസംരക്ഷണ വനവൽക്കരണ സമിതികൾ (ടി.എസ്.വി.എസ്.) വഴിയാണ് നടപ്പിലാക്കുന്നത്.

(സി) ഹരിതതീരം പദ്ധതി 2007-08 മുതൽ 2009-10 വരെയുള്ള മൂന്നു വർഷ കാലത്തേക്കുള്ളതായിരുന്നു. വച്ചുപിടിപ്പിച്ച പ്ലാന്റേഷനുകളുടെ സംരക്ഷണവും പരിപാലനവും തീരസംരക്ഷണ വനവൽക്കരണ സമിതി (ടി.എസ്.വി.എസ്.) യാണ് തുടർന്ന് നടത്തേണ്ടത്.

(ഡി) ഹരിതകേരളം പദ്ധതിക്കുകീഴിൽ നദിയോരത്ത് വൃക്ഷവൽക്കരണം നടത്തുന്നതിനുവേണ്ടി ആലപ്പുഴ, കോട്ടയം, പാലക്കാട് ജില്ലകളിലായി 10600 മുള തൈകളും 6000 വിവിധയിനം വൃക്ഷത്തൈകളും പഞ്ചായത്തുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം മുതൽ ഈ പരിപാടി മറ്റു ജില്ലകളിലും നടപ്പിലാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്.

സൈബർ കഫേകളെ നിയന്ത്രിക്കുന്നതിനുള്ള ചട്ടം

16 (*466) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. എം. കെ. പ്രേംനാഥ് :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ലെ കേന്ദ്ര ഐ.ടി. ആക്ട് പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സൈബർ കഫേകളെ നിയന്ത്രിക്കുന്നതിനുള്ള ചട്ടം റദ്ദ് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly